


1

# SKVHSS NANNIYODE



## ആമുഖം

***അറിവിന്റെയും വിജ്ഞാനത്തിന്റെയും ശാന്തഗംഭീരസ്വരമായി,ഗ്രാമീണഭംഗിയുടെ എല്ലാവിധ നന്മയെയും ഐശ്വര്യത്തെയും ബഹുമാനിച്ചുകൊണ്ട് അറിവിന്റെ ശിക്ഷണശാലയായ എസ് കെ വി എച്ച് എസ് എസ് എഴുപത്തഞ്ച് വർഷങ്ങൾ പിന്നിടുന്നു. ദീർഘകാല സ്വപ്നാവിഷ്കരണമെന്നപോലെ കുഞ്ഞുപൂമ്പാറ്റകളുടെകലാശിൽപങ്ങളുമായി "ഐ ടിയുടെ വിസ്മയചിറകുകൾ”,"വിരൽ തുമ്പിലൂടെ" അവതരിപ്പിക്കപ്പെടുകയാണ്.***

# എഡിറ്റോറിയൽ



പുതുപ്രതിഭകൾക്ക് ജന്മം
നല്കുന്ന സ്കൂൾ മാഗസിനുകൾ
നമുക്കിടയിൽ സുപരിചിതമാണ് ,എന്നാൽ ഡിജിറ്റൽ
സാങ്കേതിക വിദ്യയുടെ ഈ കാലഘട്ടത്തിൽ
ഇതാദ്യമായാണ് "ഡിജിറ്റൽ മാഗസിൻ"എന്ന പുത്തൻ
ആശയവുമായി ലിറ്റിൽ കൈറ്റ്സും എസ് കെ വി എച്ച്
എസ് എസും ഒത്തുചേർന്ന് ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ
കൊടുമുടികൾ കീഴടക്കുന്നത്. ലിറ്റിൽകൈറ്റ്സിലെ
കുട്ടികളുടെ അശ്രാന്തപരിശ്രമത്തിലൂടെ രൂപം
നല്കിയതാണ് "വിരൽത്തുമ്പിലൂടെ"എന്ന ഡിജിറ്റൽ
മാഗസിൻ.കുട്ടികളുടെ കലാപരമായ ആശയങ്ങൾ
ആസ്വാധകരിലേക്ക് എത്തിക്കുവാൻ ഈ പുതിയ
തുടക്കത്തിന് കഴിയട്ടെ.കുട്ടികളുടെ ആശയങ്ങളും
കഠിനാധ്വാനവും ഇച്ഛാശക്തിയും ഈ മാഗസിന്
യാഥാർഥ്യമനോഭാവം പ്രദാനം ചെയ്യുന്നതിന്
അഭിവാജ്യഘടകമായി തീരുന്നു. കഥകൾ ഒരു പുതിയ
ലോകം സൃഷ്ടിക്കുന്നു. കവിതകൾ ആത്മാവിനെ
തൊട്ടുണർത്തുന്നു.ചിത്രങ്ങൾ മായാജാലങ്ങളാകുന്നു.
ഇവയുടെ മൂർത്തിമദ്ഭാവമാണ് വിരൽത്തുമ്പിലൂടെ എന്ന
ചെറുമാഗസിൻ.സാങ്കേതിക വിദ്യകളുടെ ഗർത്തങ്ങളിൽ
അകപ്പെടാതെ കുട്ടികളെ സാങ്കേതികവിദ്യകളുടെ
പ്രകാശലോകത്തിലേക്ക് എത്തിക്കുന്ന
"വിരൽത്തുമ്പിലൂടെ" എന്ന ഈ ഡിജിറ്റൽ മാഗസിൻ

***നിങ്ങളേവർക്കും സന്തോഷപൂർവ്വം സമർപ്പിക്കട്ടെ.***

***ആഷ്ന.എൻ.സാബിർ***

***മാഗസിൻഎഡിറ്റർ***

# ഞങ്ങളുടെ പ്രഥമാധ്യാപിക



**രജത ടീച്ചർ**

# സന്ദേശം



ഡിജിറ്റൽ സാങ്കേതികവിദ്യകൾ വിരൽത്തുമ്പിൽ ലഭ്യമാകുന്ന ഈ കാലഘട്ടത്തിൽ ഗ്രാമീണതയുടെ പരിമിതികൾ ഭേദിച്ച് ഊർജ്ജസ്വലരായി പാറിപറക്കുകയാണ് നന്ദിയോട് എസ് കെ വി എച്ച് എസ് എസിലെ കുരുന്ന് പ്രതിഭകൾ.ഒരു കളിയിലിൽ നിന്ന് തുടങ്ങി ഇന്ന് 75 വർഷം പിന്നിടുമ്പോൾ ഹൈടെക് ഹയർസെക്കൻഡറി സ്കൂളായി മാറി പുതിയ കലാശിൽപങ്ങളെ വാർത്തെടുത്ത് എസ് കെ വി എച്ച് എസ് എസ് അഭിമാനപൂർവ്വം മുന്നേറുന്നു.പഠനപാഠ്യേതരപ്രവർത്തനങ്ങളിൽ ഇന്ന് നമ്മുടെ കുട്ടികൾ മുൻപന്തിയിലാണ്. ഇതിനൊരു കൈത്താങ്ങായി ലിറ്റിൽ കൈറ്റ്സും എസ് കെ വി എച്ച് എസും എസും ഒന്നിച്ച് കൈകോർത്ത് വിരൽത്തുമ്പിലൂടെ എന്ന ഡിജിറ്റൽ മാഗസിൻ അഭിമാനപൂർവ്വം നിങ്ങൾക്കായി സമർപ്പിക്കുന്നു. കുട്ടികളോടൊപ്പം അധ്യാപകരും ചേർന്ന് പ്രവർത്തിച്ചതിന്റെ ഫലമായി പുതിയ ആശയങ്ങളും വിവരങ്ങളും കോർത്തിണക്കി ഇ-വിദ്യാഭ്യാസത്തിന്റെ എല്ലാ ഗുണങ്ങളെയും സ്വാംശീകരിച്ച് തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിന്എല്ലാവിധആശംസകളും നേരുന്നു.

പ്രഥമാധ്യാപിക

# ഉള്ളടക്കം

പ്രതീക്ഷകളോട്....................................................... 10
ചാൾസ് ബാബേജ്................................................... 14
അറിവ് ................................................... 17
സ്നേഹമെന്ന കെടാദീപം......................................... 18
ജലമലിനീകരണം.................................................. 20
കുരങ്ങനും കുരവിയും...............................................21
കേരളമേ ...................................................24
അണയാത്ത വിളക്ക്...............................................25
കേരളം ദൈവത്തിന്റെ നാട്..................................28
കളഞ്ഞ് കിട്ടിയ ബാഗ്........................................... 31
മാതൃത്വം...........................................................36
വായനാശീലം കുട്ടികളിൽ.........................................37
NATURE..........................................................40
THE LIFE OF SUN...........................................41
IMPORTANCE OF MOTHER TONGUE......................43
A RACE...........................................................46
LITTLE PUP, LITTLE PUP.......................................50
STUDENTS AND SOCIAL MEDIA...........................52
THE ENGLISH RIVER............................................55
ALGEBRA...........................................................56
FRACTION.........................................................57
EQUATION.........................................................58

*കൃഷിയിടത്തിലേക്ക് ഒരു കാൽവയ്പ്........... .........59*
*ചിരകാലസ്വപ്നം സഫലമായി.................................61*
*വിവര വിനിമയ സാങ്കേതിക വിദ്യയുടെ കുട്ടിക്കൂട്ടായ്മ...62*
*സ്കൂളിന്റെ ഈവർഷത്തെ പ്രവർത്തനങ്ങളിലൂടെ 65*

## llittle kites editorial board



MAGAZINE EDITOR: ASHNA.N SABIR

| | |
|---|---|
| ANUSREE.N | 9E |
| VISMAYA.R.B | 9B |
| MEENU .M.R | 9B |
| SIVANI.S | 9B |
| MUHAMMED ABID. | 9B |
| HARIPRIYA. S. | 9C |
| ADHMANA. P.V | 9C |



# പ്രതീക്ഷകളോട്...





ആ നശിച്ച തരിശുഭൂമിയിൽ ഇപ്പോഴും ഓർമ്മകളുമായി കാത്തിരിക്കുകയാണ് ആ വൃദ്ധ.തന്റെ ഓർമ്മകൽ തിരിച്ചുവരും എന്ന് പ്രതീക്ഷയിൽ. ആ വൃദ്ധയുടെ ചുക്കിചുലിഞ്ഞ മുഖവും,ആ മുഖത്തിലൂടെ കണ്ണുനീർ ഒഴുകിയ ഉണങ്ങിയ പാടും വൃദ്ധയുടെ പ്രതീക്ഷകൾ എന്തെന്നുള്ള ചോദ്യം എന്റെ മനസ്സിൽ കടന്നുവരുന്നു.

ഈ വൃദ്ധയായ സത്രീയുടെ പേര് നാരായണി എന്നാണ്.നാരായണി അമ്മ ഒന്നും ഇല്ലാത്ത ശാന്തമായ

*ഒരു ലോകത്താണ്. ആ ലോകത്തിൽ ഈ അമ്മയുടെ ഉണങ്ങാത്ത കണ്ണീർവറ്റിയ ഓർമ്മകൾ ഉണ്ട്.ആ ഓർമ്മകളിൽ ഈ നാടാണ്''വയലോരം നാട്''.ഈ നാട്ടിൽ ധാരാളം വയലേലകൾ ഉള്ളതും,ഗ്രാമഭംഗി നിറഞ്ഞത്ആയതുകൊണ്ടാണ് ഈ നാടിനെ വയലോരം എന്ന് വിളിക്കുന്നത്.ധാരാളം വയലേലകളും,തത്തകളും,മറ്റുകിളികളും സ്വർണ്ണനെന്മണികളും ഞാറുനടലും,വിത്തുവിതവിതയ്ക്കലും,ഞാറുനടൽപാട്ടുകളും എല്ലാം കൊണ്ട് സന്തുഷ്ടമാണ് വയലോരംനാട്.ആ നാട്ടിലെ ഒരു കരുത്തറ്റ   സത്രീ ആയിരുന്നു നാരായണി അമ്മ.നാട്ടിലെ നെല്ലുകളും മറ്റും വിതയ്ക്കുന്നതും പറിക്കുന്നതും നാരായണി ഇനെങ്കിൽ ആ നാട്ടിലെ സത്രികൾക്കൊന്നുംഒരു ഉശാറില്ല. അവിടത്തെ പക്ഷി-മൃഗ ജീവജാലങ്ങൾക്ക് പോലും നാരായണിയെ ഇഷ്ടമാണ്,പ്രകൃതിസ്നേഹിയാണ് ഇവർ. കൂടാതെമനുഷ്യസ്നേഹിയും.നാരായണിയ്ക്ക് മറ്റൊരു മുഖം ഇല്ല. ദയാലു ആയിട്ടുള്ള മുകം മാത്രമേ ഉള്ളൂ.ദേഷ്യപ്പെടാൻ അറിയില്ല.ആരെന്ത് പറഞ്ഞാലും കേട്ടോണ്ട് നിൽക്കും.നാരായണി കഷ്ടപ്പെട്ടാണ് ജീവിക്കുന്നത്.പശുവിറ്റും മറ്റുമാണ്.നാരായണിയുടെലോകം വയലേലകളാണ്.അതിന് ഒരുകേടുപാടും പറ്റരുത്.അങ്ങനെയൊരു ദിവസം പാൽകൊടുക്കാൻ നാരായണി ചായക്കടയിൽ പോയപ്പോൾ ഒരു അപരിചിതൻ അവിടെയിരുന്നു ചായ കടിക്കുന്നു.അദ്ദേഹം കാര്യം പറയുന്നുണ്ട്.ശങ്കരൻ ചേട്ടൻ ആ*

***അപരിചിതനോട് ചോദിച്ചു:''താങ്ങൾ ആരാണ് ? പേരെന്താണ് ?എന്തിനാ ഇവിടെ വന്നത് ?'' അപ്പോൾ അപരിചിതൻ മറുപടി പറഞ്ഞു'':''ഞാൻ കിഷോർ.ഞാനൊരു ഫാക്ടറി ഉദ്യോഗസ്ഥനാണ്.ഞാൻ വയലുകൾ കാണാനും അവിടെ ഫാക്ടറി പണിയാനുമാണ് വന്നത്.'' ഇതുകേട്ട് നാരായണി നിൽക്കുകയാണ്.അവളുടെ നെഞ്ച് തകർന്നു.''എന്താ പറഞ്ഞേ''? ''ഫാക്ടറി പണിയുന്നെന്ന്.''ഇവിടെയോ? അതേ!എന്താകുഴപ്പം? നല്ല നാട്,നല്ല വയലോരം. നല്ല നാടൊക്കെ തന്നെ.പക്ഷേ ഇവിടെ ഫാക്ടറി പണിയാൻ കഴിയില്ല.കിഷോർ ചോദിച്ചു:''എന്താ''? ''അതെ നമ്മുടെ ജീവനാണ് ഈ വയലോരം . നശിപ്പിക്കാൻ ഞാൻ സമ്മതിക്കില്ല.'' ''അതെ താങ്കൾ തെറ്റദ്ധരിച്ചിരിക്കുകയാണ്.ഈ ഫാക്ടറി ഈ പ്രശ്സതമാവും,നിങ്ങൾക്ക് നേട്ടവും ഉണ്ടാവും.അവസാനം തർക്കങ്ങൾ ആയി.''നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടെങ്കില് മിസറ്റർജെയിംസിനെബന്ധപ്പെട്ടു''.ഇത്രയും പറഞ്ഞ്കിഷോർ ഇറങ്ങി.അതറിഞ്ഞ രമണൻ നാരായണിയോട് പറഞ്ഞു ഈ വയലുകൾ ഇരുപത്***

***അടിയിലപ്പുറം താങ്ങില്ല എന്ന്. ഇതുകേട്ട നാരായണി മിസറ്റർ ജെയിംസിനെ ബന്ധപ്പെടുകയും കാലുപിടിക്കുകയും ചെയ്തു.പക്ഷേ ഫലമുണ്ടായില്ല.നാലുദിവസത്തിനുള്ളിൽ പണിതുടങ്ങും. നാരായണി കരഞ്ഞുകരഞ്ഞ് മുപ്പത്തിനാല് ദിവസങ്ങൾ***

***കടന്നുപോയി. നാലാമത്തെ ദിവസമായപ്പോൾ പണിചെയ്യാനുള്ളഉപകരണങ്ങൾവന്നുകിളികളുടെ ,നദികളുടെ,വയലുകളുടെ, മൃഗങ്ങളുടെ കരച്ചിൽ നാരായണി കേൾക്കുന്നു.പണികൾ തുടങ്ങി.പെട്ടെന്ന് വയലോരം നാട് നടുങ്ങി.വയലുകൾ ഓരോന്നായി നശിക്കുന്നു.ഇരുപതടിയോളമായപ്പോൾ വയലോരം നാട് പ്രതികരിക്കാൻ തുടങ്ങി.ധാരാളം മനുഷ്യരും,ജീവജാലങ്ങളും നശിച്ചു.അവസാനം നാരായണി മാത്രം. എപ്പഴെങ്കിലുംആ നല്ല കാഴ്ച്ച താൻ മരിക്കുംമുമ്പ് കാണാൻ കഴിയും എന്ന പ്രതീക്ഷയിലാണ് അന്നുമുതൽ നാരായണി ഇരിക്കുന്നത്.മനുഷ്യന്റെ അത്യാഗ്രഹം കാരണം ഒരു കാലാവസ്ഥയാണ് നശിച്ചത്.***

***അനുശ്രീ.എൻ-***
***9.E***

# ചാൾസ് ബാബേജ്






ഇപ്പോഴത്തെ കമ്പ്യൂട്ടറിലെ എല്ലാ അടിസ്ഥാന ഘടകങ്ങളും ഉൾകൊള്ളാവുന്ന 'അനാലിറ്റിക്കൽ എൻജിൻ'എന്ന യന്ത്രം വികസിപ്പിച്ചെടുത്ത മഹാനാണ് ബ്രിട്ടീഷ് ഗണിതശാസ്ത്രജ്ഞനായ ചാൾസ് ബാബേജ്. 1791 ൽ ബ്രിട്ടണിലാണ് ബാബേജ് ജനിച്ചത്.20 വയസ്സായപ്പോൾ ചാൾസ് ബാബേജ് ചെറിയ രീതിയിലുള്ള യന്ത്രം കണ്ടുപിടിച്ചു. എട്ടക്കങ്ങളുള്ളസംഖ്യകൾ വരെ മാത്രമേ അതുകൊണ്ട് കമക്കുകൂട്ടാൻ കഴിഞ്ഞിരുന്നുള്ളൂ.23ാം വയസ്സിൽ ബാബേജ് യൂറോപ്പിലെ ബുദ്ധിജീവികളുടെ സംഘടനയായ അനലിറ്റിക്കൽ സൊസൈറ്റിയിൽ അംഗമായി നിലവിലുള്ള ശാസ്ത്രസിദ്ധാന്തങ്ങളെ മാറ്റിമറിക്കുവാൻ ശ്രമിക്കുന്നവരുടെ ഒരു പ്രസ്ഥാനമായിരുന്നു അത്. 1819 ൽ ചാൾസ് ബാബേജ്

ഇംഗ്ലണ്ടിലെ റോയൽ സൊസൈറ്റി അംഗമായി പ്രവർത്തിക്കാൻ തുടങ്ങി. 1812 ൽ ബാബേജിന്റെ കാല്ക്കലേറ്റർ കണ്ടുപിടിത്തം നടന്നുവല്ലോ. ഗവൺമന്റതറിഞ്ഞ് അദ്ദേഹത്തിന് പ്രോത്സാഹനങ്ങൾ നല്കി.എന്നിട്ടും സാങ്കേതികപ്രശ്നങ്ങൾ നിമത്തം വൻതോതിൽ കാൽക്കുലേറ്റർ നിർമ്മിക്കാൻ ബാബേജിന് കഴിഞ്ഞില്ല.1824 ൽ സർക്കാർ ബാബേജിന് നല്കി വന്ന സാമ്പത്തികസഹായം നിർത്തലാക്കുകയും ചെയ്തു.അതോടെ അദ്ദേഹത്തിന് ഗവേഷണശ്രമങ്ങൾ വഴിമുട്ടി നിന്നു.1830 ൽ ബാബേജ് 'അനാലിറ്റിക്കൽ എൻജിൻ' എന്ന യന്ത്രം വികസിപ്പിച്ചെടുത്തു. പഞ്ച്കാർഡ് എന്നുവിളിക്കുന്ന സ്മരണാ യന്ത്രത്തിൽക്കൂടി കൊടുക്കുന്ന നിർദ്ദേഷങ്ങൾ അനുസരിച്ച് ഏത് ഗണിതക്രിയയും ചെയ്യുവാൻ കഴിവുള്ള യന്ത്രമായിരുന്നു.അനാലിറ്റിക്കൽ എൻജിൻ ആ സ്മരണായന്ത്രത്തിൽ അക്കങ്ങളുടെ ക്രമനിയന്ത്രണങ്ങളും ഇന്നത്തെ കമ്പ്യൂട്ടറിലെ എല്ലാ അടിസ്ഥാനഘടകങ്ങളും ഉൾകൊള്ളിക്കാനുള്ള സൗകര്യങ്ങളുണ്ടായിരുന്നു. 'ആധുനിക ഡിജിറ്റൽ കമ്പ്യൂട്ടറിന്റെ മുന്നോടിയാണ് ആ അനലിറ്റിക്കൽ എൻജിൻ'ബാബേജിന്റെ മരണശേഷം 1991 ൽ ബാബേജ് എഴുതിവെച്ചിരുന്ന സുവ്യക്തനിർദ്ദേശങ്ങളനുസരിച്ച് ഡിഫറൻസ് എഞ്ചിൻ നമ്പർ 2 നിർമിച്ചു.31 ഡെസിബിൾ കപ്പാസിറ്റിയിലുള്ളതാണ്.ഗണിതശാസ്ത്രരംഗത്ത് മാത്രമല്ല ബാബേജിന്റെ അത്ഭുതപ്രതിഭ വിഹരിച്ചത്.ബാബേജ് സംവിധാനം ചെയ്തതാണ് ഇംഗ്ലണ്ടിലെ നൂനത തബാൽ

***സമ്പ്രദായം.ഇൻഷുറൻസിൽ ഉപയോഗിക്കേണ്ട അക്ച്വേറിയൻ പട്ടിക അദ്ദേഹത്തിന്റെ മറ്റൊരു കണ്ടുപിടിത്തമാണ്.തീവണ്ടിയുടെ മുന്നിലെ തടസ്സങ്ങളെ തള്ളി മാറ്റാനുള്ള 'കൗച്ചർ' ബാബേജിന്റെ കണ്ടുപിടിത്തമാണ്.1817 ൽ ബാബേജ് മരണമടഞ്ഞെങ്കിലും കമ്പ്യൂട്ടറിലുള്ളിടത്തോളം കാലം അദ്ദേഹത്തിന്റെ കീർത്തിഅനശ്വരമായിരിക്കും.***



# അറിവ്

അറിവെന്നമൃതാലെന്നെയൂട്ടും
ആരാധ്യദേവൻ എൻ ഗുരുനാഥൻ
അറിവിൻ സൂര്യനായി അങ്ങു ജ്വലിക്കവേ
ആ ജ്ഞാനസൂര്യനെ ഞാനെന്നും വണങ്ങിടും

തവപാദകമലങ്ങൾ കുമ്പിടും ഞാൻ
ആ അറിവിൻ മുന്നിൽ ഞാൻ നിൽക്കുന്നു
എങ്ങും അറിവിൻ മുന്നിൽ ഞാൻ നിൽക്കുന്നിതാ
എങ്ങും നിറഞ്ഞിടുമെൻ ഗുരുനാഥൻ
അറിവിൻ നിറകുടം എൻ ഗുരുനാഥൻ



**രാജീവ് അയ്യർ**

*staff*

# സ്നേഹമെന്ന കെടാദീപം



ഒരു കൊച്ചു ഗ്രാമത്തിൽ ഒരൊഴിഞ്ഞ് സ്ഥലത്തായിരുന്നു ആ അനാഥയായ അമ്മയും മകനും താമസിച്ചിരുന്നത്. ഒരു പൊട്ടിപൊളിഞ്ഞ വീട്ടിലായിരുന്നു അവരുടെ താമസം. ആ അമ്മ വിധവയായിരുന്നു. എല്ലാ നിമിഷവും അവർ തന്റെ ഭർത്താവിനെക്കുറിച്ചോർത്ത് വിഷമിക്കുമായിരുന്നു. ഭർത്താവ് മരിച്ചതിനു ശേഷവും അവർ ആ മകനെ കഷ്ടപ്പെട്ട് വളർത്തി.ഒരു നോട്ടം കൊണ്ടു പോലും



അച്ഛനില്ലാത്തതിന്റെ വിഷമം ആ അമ്മ അറിയിച്ചിരുന്നില്ല.അവർ ആ മകനെ കഷ്ടപ്പെട്ട് വളർത്തി. അവൻ എന്താവശ്യപ്പെട്ടാലും അവർ കഷ്ടടപ്പെട്ട് അത് നിറവേറ്റികൊടുത്തു. ഒറ്റ മകനെന്ന എല്ലാലാളനയും കൊടുത്ത് വളർത്തി. അങ്ങനെ അവൻ വളർന്ന് വലുതായി.അങ്ങനെയിരിക്കേ ഒരു ദിവസം ആ മകൻ അമ്മ കാണാതെ അമ്മയുടെ സഞ്ചിയിൽന്ന്നും പൈസ മോഷ്ടിച്ചു. സ്കൂളിലെ എല്ലാവരും തിന്നുന്ന വെളുത്ത ശർക്കര തിന്നാനുള്ള കൊതികൊണ്ടാണ് അവൻ അങ്ങനെ ചെയ്തത്. എന്നാൽ ആ അമ്മ കൈയോടെതന്നെ അവനെ പിടികൂടി. അവർ അവനെ ഒരുപാട് തല്ലി വഴക്കുപറഞ്ഞു. അവനെ ആദ്യമായി

***അവന്റെ അമ്മ തല്ലി. അവനൊരുപാട് വിഷമമായി. അവൻ വീട്ടുവിട്ടിറങ്ങി. അവൻ ആ ഗ്രാമത്തിന്റെ മധ്യത്തെത്തി.അവിടെ ഒരു കടയിൽ ജോലിക്കു കയറി.ഒന്നു രണ്ടു ദിവസമൊക്കെ അവിടെ നിന്നു എന്നാൽ പിന്നെപിന്നെ അവന് അമ്മയെ കാണാഞ്ഞതിൽ വിഷമം തോന്നി.അവൻ അവന്റെ അമ്മയ്ക്ക് വേണ്ടി കത്തെഴുതാൻ തീരുമാനിച്ചു.അവൻ അവന്റെ ചെയ്തിയിൽ പശ്ചാത്തപിച്ചു. അങ്ങനെ അവൻ ഒടുവിൽ കത്തെഴുതി.“അവൻ കത്തിൽ ഇങ്ങനെഴുതി നാളെ ഞാൻ നമ്മുടെ വീട്ടുമുറ്റത്തുകൂടി പോകും. അമ്മയ്ക്കെന്നെ വീട്ടിൽ കയറ്റുവാൻ വിരോധമില്ലെങ്കിൽ ഞാൻ വരുന്ന സമയത്ത് അമ്മഎനിക്കുവേണ്ടി ഒരു മെഴുകുതിരി കത്തിച്ചുവെച്ച് കാത്തിരിക്കുക.”എന്നവൻ കത്തെഴുതി.***

***അങ്ങനെ അവൻ പറഞ്ഞതുതെറ്റിക്കാതെ കൃത്യം 7.00 മണിക്ക് വീട്ടിന്റെ മുറ്റത്തുകൂടി പോകവേ ആ കാഴ്ച കണ്ടവൻ സ്തബ്ധനായി. ഒരു മെഴുകുതിരിക്കുപകരം ആ വീട്ടു മുഴുവനും മെഴുകുതിരി കത്തിച്ചു വച്ചിരിക്കുന്നതായാണ് കണ്ടത്. അവനെ കണ്ടതും ആ അമ്മ ഓടി വന്നു മകനെ വാരിപ്പുണർന്നു. അമ്മയെ കണ്ടതും മകൻ കരഞ്ഞുപോയി. അവൻ അവന്റെ അമ്മയിൽ നിന്നും ക്ഷമ യാചിച്ചു.അതിനു ശേഷം ആ മകൻ ഒരിക്കലും ആരെയും വേദനിപ്പിച്ചിട്ടില്ല.***

***അയിഷ .എസ് 8C***

# ജലമലിനീകരണം



ജീവന്റെ നിലനില്പിന് വായു എന്നതുപോലെ ജലവും അത്യന്താപേക്ഷിതമാണ്ഐക്യരാഷ്ട്രസംഘടനയുടക്കൾ പ്രകാരം പ്രതിദിനംഇരുപത്തലക്ഷംടൺമാലിന്യങ്ങളാണ് ലോകമൊട്ടാകെജലത്തിലേക്ക്തള്ളപ്പെടുന്നത് . ജലത്തിലേക്ക തള്ളപ്പെടുന്നത്. ജലത്തിന്റെ ഭൗതിക ഗുണങ്ങളിലും രാസഗുണങ്ങളിലും ജൈവപരമായ സവിശേഷതകളിലും വരുന്ന ഹാനികരമായ മാറ്റമാണ് ജലമലിനീകരണം. ആധുനിക ലോകം നേരിടുന്ന ഗൗരവമായ പ്രശ്നമാണിത് . മിക്ക രാജ്യങ്ങളിലും ഇത് ദേശീയ പ്രാധാന്യമുള്ള വിഷയമായി മാറികഴിഞ്ഞു. ജലമലിനീകരണം നിയന്ത്രിക്കുന്നതിന് നമ്മുടെ രാജ്യത്ത് നിയമം നിലവിലുണ്ട്. ജലമലിനീകരണം തടയുകഎന്നത്ഇന്ന് ലോകം നേരിടുന്ന വലിയ വെല്ലുവിളിയാണ്.ജലമലിനീകരണംശുദ്ധജല ലഭ്യതയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. മണ്ണ്, വായുഎന്നിവയുടെ മലിനീകരണത്തിലേക്ക് നയിക്കുന്നു. അത് ജീവജാലങ്ങളുടെ നിലനില്പിന് തന്നെ അപകടം സൃഷ്ടിക്കുന്നു.പ്രകൃതി നമുക്ക് ആവശ്യത്തിന് ശുദ്ധജലം ലഭ്യമാക്കുന്നുണ്ട്. മഴയിലൂടെലഭിക്കുന്ന ഈ ശുദ്ധജലം ഫലപ്രദമായി ഉപയോഗിച്ചാൽനമുക്ക് ശുദ്ധജലക്ഷാമം പരിഹരിക്കാം

# കുരങ്ങനും കുരവിയും





ഒരു കാട്ടുപ്രദേശത്ത് വലിയൊരു ആൽമരമുണ്ടായിരുന്നു. അതിൽ തൂങ്ങികിടന്ന കൊമ്പത്ത് കൂട്ടുകൂട്ടി ഒരു ആൺകുരുവിയും പെൺകുരുവിയും സസുഖം വസിച്ചുപോന്നു.ദിവസങ്ങൾ കഴിഞ്ഞുപോയി.മഴക്കാലം വന്നു.പെരുമഴ കോരിച്ചൊരിഞ്ഞു തുടങ്ങി. സമയത്ത് ഒരു

*കുരങ്ങൻ തണുത്തകാറ്റടിക്കുകയാൽ മേലാസകലം കോരിതരിച്ച്കിടുകിടാവിറച്ച് പല്ലുകൊണ്ട് താളംപിടിച്ച് ആമരത്തിന്റെ ചുവട്ടിൽ വന്നിരുന്നു.അവന്റെ അവസ്ഥ കണ്ട്പെൺകുരുവി ഒരു വീടുണ്ടാക്കിക്കൂടേ നിനക്ക് ?*

*ഇതുകേട്ട് ശുണ്ഠിയെടുത്ത്കുരങ്ങൻ അവളോടു*

*പറഞ്ഞു:എടീ നീചേ,മിണ്ടാതിരുന്നുകൂടേ?*

*നിന്റെയൊരാധികാരം?എന്നെ പരിഹസിക്കാൻ വന്നിരിക്കുന്നു!ദുഃസ്വാവിനിയും അറിവുണ്ടെന്നു നടിക്കുന്നവളുമായ ഈ പക്ഷി യാതൊരു ശങ്കയും കൂടാതെ പുലമ്പുന്നല്ലോ?അവളെ കൊന്നാലെന്താ? പിന്നെ അവൻ ദേഷ്യമടക്കി തുടർന്നു:''നീ എന്തിന് എന്നെ പറ്റി ആലോചിക്കുന്നു?''ഇവിടെ ശ്രദ്ധിച്ച് കേട്ടിരിക്കുന്നവനോടും എന്തെങ്കിലും ചോദിച്ച് അതിന്റെ ഉത്തരം കേൾക്കാൻ ആഗ്രഹിക്കുന്നവനോടും*

*മാത്രമേസംസാരിക്കാവൂ.അശ്രദ്ധനോടു പറയുന്നത്*

*കാട്ടിൽ നിലവിളിക്കുന്നതുപോലെ വ്യർത്ഥമാണ്.എന്തു പറയാൻ!കാട്ടിൽ മഴ നനയാതെ സുഖമായിരുന്നുകൊണ്ട് കുരിവിപ്പെണ്ണ് വീണ്ടുംവീണ്ടും കുരങ്ങനോട് സംസാരിച്ചു.കുറെകഴിഞ്ഞപ്പോൾ കുരങ്ങന് ദേഷ്യം*

*വന്നു.അവൻ മരത്തിന്മേൽ കയറി കൂടുവലിച്ചെടുത്ത് നുറു*

*കഷ്ണങ്ങളാക്കിയിട്ടു.''അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ''കുരങ്ങൻ തുടർന്നു:മൂർകന്മാർക്ക് നല്ലതു പറഞ്ഞുകൊടുക്കാൻപോകരുതെന്ന് .മൂർഖാ,നീഅഭ്യവസ്തവിദ്യനാണെങ്കിലും വേണ്ടത്*

പഠിച്ചിട്ടില്ല.അലെങ്കിൽ നിന്റെ കുറ്റമല്ല.വിദ്യാഭ്യാസം

സജ്ജനങ്ങൾക്ക് മാത്രമേ ഗുണം ചേയ്യൂ.ദുർജനങ്ങൾക്കില്ല പാണ്ഡിത്യം ഉചിതസ്ഥാനത്ത് അലെങ്കിൽ യാതൊരു കാര്യവുമില്ല.കുടത്തിനുള്ളിൽ വിളക്ക് വച്ചിട്ടെന്തുകാര്യം? നീ എന്റെ വാക്കു കേൾക്കാതെ പണ്ഡിതനാണെന്ന

ഭാവത്തിൽനടക്കുന്നു..മനശാന്തിയെന്തെന്ന്

നിനക്കറിഞ്ഞുകൂടാ...നീഅപജാതപുത്രനാണെന്ന് അറിയാമോ?ലോകത്തിൽ പുത്രന്മാർ നാലുതരത്തിലാണെന്ന്തത്വജ്ഞർപറയുന്നുജാതൻ

,അനുജാതൻ,അച്ഛനെക്കാൾ യോഗ്യതയുള്ളവൻ

അതിജാതൻ, അധവന്മാരിൽവച്ച് അധവന് അപജാതനും.അന്യന്റെ ദുഖത്തിൽ സന്തോഷിക്കുന്ന ഖലൻ അതിൽ അവനവന് നാശം വന്നാൽ സാരമാക്കുകയില്ല. യുദ്ധത്തിൽ തലയറ്റവീണാൽ തലയില്ലാത്ത ശരീരം നൃത്തം ചെയ്യുകയാണല്ലോ പതിവ്.''

അനഘ. എ.എസ്
8.B

# കേരളമേ

നന്മനിറഞ്ഞോരെൻ
കേരളമേകേരളമേ കേരളമേ
മലയാളികൾ വസിക്കും കേരളമേ
മാമലകൾ തിങ്ങുംകേരളമേ

എന്നുടെ സുന്ദരകേരളമേ
നദികൾ ഒഴുകുന്ന കേരളമേ
മലയാളഭാഷയുടെ കേരളമേ
വയലേലകളുടെ കേരളമേ

തുഞ്ചൻതന്നുടെ കേരളമേ
കഥകളിയാട്ടം കേരളമേ
നന്മനിറഞ്ഞോരെൻ കേരളമേ
എന്നുടെ സുന്ദരകേരളമേ
കേരമെഴുന്നൊരു കേരളമേ

സ്മൃതിബിന്ദു 9.E

# അണയാത്ത വിളക്ക്





ഒരിടത്ത് ഒരു കുഞ്ഞ് ഗ്രാമത്തിൽ ഒരു കുഞ്ഞ ഓലമേഞ്ഞ വീട്ടിൽ ഒരു കുടുംബ്ബം താമസിച്ചിരുന്നു. വളരെ പ്രാരാബ്തദയും കഷ്ടപ്പാടും നിറഞ്ഞ ഒരു കുടുംബമായിരുന്നു അത്. ആ വീട്ടിൽ പന്ത്രണ്ട് വയസ്സായ ഒരു പെൺകുട്ടിയും അവളുടെ അച്ഛൻ,അമ്മ,അനുജൻ എന്നിവരുമാണ് താമസിക്കുന്നത്.ആ വീട്ടിലെ മൂത്ത മകളാണ് പന്ത്രണ്ട്  വയസുകാരി അനന്യ.അനു എന്ന് വീട്ടിൽ വിളിക്കും.അവളൊരു ഏഴാം ക്ലാസ് വിദ്യാർത്ഥിയാണ്.അവളുടെ അനിയൻ അഞ്ചാം ക്ലാസിലും.അനുവിന്റെ അച്ഛൻ ഒരു ഹേർട്ട് പേഷ്യന്റാണ്.അവർ കിടപ്പിലാണ്.അമമയ്ക്ക് ജോലിയുണ്ട് തൊഴിലുറപ്.എങ്കിലുംഅവളെകഷ്ടപ്പെടുത്തണ്ടെന്നുകരുതി അവളാണ് വീട്ടിലെ ജോലികളെല്ലാം ചെയ്യുന്നത്.വീട്ടിലെ ജോലികളെല്ലാം കഴിഞ്ഞിട്ടാണ് അവൽ സ്കൂളിൽപോകുന്നത്.സ്കൂളിൽ നന്നായി പഠിക്കുന്നഠനത്തിൽ

അല്പം പിറകിലാണ്.എല്ലാ കുട്ടികലും നല്ല വസ്തങ്ങൾ ധരിച്ച് സ്കൂളിൽ വരുമ്പോൾ അവൾക്ക് മാത്രം എല്ലാ ബുധനാഴ്ച്ചയും ഒരു വസ്ത്രം തന്നെ.എല്ലാ കുട്ടികലും ഉച്ചയ്ക്ക് ചോറുകൊണ്ട് വന്ന് കഴിക്കുമ്പോൾ അവൾ മാത്രം ഒന്നും കൊണ്ടുവരാറില്ല.

ചിലപ്പോഴൊക്കെ അവൾ പട്ടിണിയാണ്.അവൾക്ക് കഴിക്കാൻ ഒന്നുമില്ലെങ്കിൽ പോലും അവളുടെ അനുജനും,അച്ചനുമൊക്ക അവൾ സമയത്തിന് ആഹാരം കൊടുക്കാറുണ്ട്.അവൾക്കുള്ളതുകൂടി അവൾ അവർക്ക് നൽകും.ഇതൊക്കെ അറിഞ്ഞ ക്ലാസ് ടീച്ചർ അവളെ സഹായിക്കാൻ തുടങ്ങി.

ഒരിക്കൽ അവളുടെ ക്ലാസ് ടീച്ചർ അവളെ കാണാൻ അവളുടെ വീട്ടിലേക്ക് പോയിരുന്നു.അപ്പോൾ അവളുടെ ടീച്ചറിന് കുറച്ചുകൂടി ബോധ്യമായി അവളുടെ കഷ്ടപാടുകളെക്കുറിച്ച്.
അവൾക്ക് വേണ്ട എല്ലാ പിന്തുണയും ടീച്ചർ അവൾക്ക് നൽകുമായുരുന്നു.അവൾക്ക് പഠിച്ച് പഠിച്ച് ഒരു 'കളക്ടർ' ആകണമെന്നായിരുന്നു ആഗ്രഹം.പക്ഷേ അവലെ പഠിപ്പിക്കാനുള്ള സാമ്പത്തികശേഷി അവളുടെ വീട്ടുകാർക്ക് ഇല്ലായിരുന്നു.അങ്ങനെ അവൽ പത്താം ക്ലാസ്വരെ പഠിച്ചു.പത്താംക്ലാസിൽ പരീക്ഷ എഴുതി.റിസൽട്ട് വന്നപ്പോൾ അവൾക്ക് പത്ത് എ പ്ലസും ഉണ്ടായിരുന്നു.എന്നിട്ടും അവൾക്ക് തുടർന്നു പഠിക്കാൻ കഴിഞ്ഞില്ല.അങ്ങനെ കുറച്ചുദിവസം കഴിഞ്ഞ് അവളെ

***സ്കൂളിൽ കാണാത്തതുകൊണ്ട് ആ സ്കൂളിലെ കുറച്ച് ടീച്ചർമ്മാർ അവളെ കാണാൻ അവളുടെ വീട്ടിൽ വന്നു.അവളെ സ്കൂളിൽ വിടമണമെന്നും പഠിപ്പിക്കണമെന്നും അവർ അമ്മയോട് പറഞ്ഞിരുന്നു.ഇതൊക്കെ അറിയുന്നതിന് മുമ്പേ അവളുടെ അച്ഛൻ മരിച്ചിരുന്നു.അതുകൂടി ടീച്ചർമ്മാർ അറിഞ്ഞപ്പോൾ ടീച്ചർമ്മാർ അനുവിന്റെ അമ്മയോട് പറഞ്ഞു:അവളെ പഠിപ്പിക്കാനാവശ്യമായ പണം ഞങ്ങളെല്ലാവരും ചേർന്ന് കൊടുക്കും.അവളെ പഠിപ്പിക്കാൻ വിടണമെന്ന് അവൾ പറഞ്ഞു.അങ്ങനെ അവൾ പഠിക്കാൻ പോയി തുടങ്ങി.ആവൾ നന്നായി***

***പഠിച്ച് അവളുടെ ആഗ്രഹംപോലെ അവൾ ഒരു കളക്ടറായി.എല്ലാവർക്കും സന്തോഷമായി.അങ്ങനെ അവൾ അവളുടെ കുടുംബത്തെ സംരക്ഷിച്ചു.ഒരു അണയാത്ത വിളക്ക് പോലെ.***

***ആമീന-8C***

# കേരളം ദൈവത്തിന്റെ നാട്





കേരളം കേരളം കേരകേദാരകേരളം

മോഹനം മനോഹരം ശ്യാമസുന്ദരകേരളം

നീലാകാശവും നീർച്ചോലകളും

നീളെ നിറയുന്ന പാടങ്ങളും

**സാമഗാനം പാടും അരുവികളും**

**പാറിപ്പറക്കുന്ന പറവകളും**
**മാധുര്യമൂറുന്ന മലയാളഭാഷയും**
**നാവിൽ തുകുന്നകേരളം**
**കായൽപ്പരപ്പും കടൽത്തീരവും**
**കാൽച്ചിലമ്പണിയിച്ച കേരളം**
**ശാരികപ്പൈതലും കഥകളിമുദ്രയും**
**കോൾമയിർക്കൊള്ളിച്ച കേരളം**
**കല്ല്യാണസൗഗന്ധികം-കൃഷ്ണഗാഥ**
**കല്ലോലിനിയായ കേരളം**
**ശാകുന്തളവും നളചരിതവും**
**കാതിൽ കേൾപ്പിച്ച കേരളം**

**ആശാൻ,ഉള്ളൂർ,വള്ളത്തോളും**

*ആശയം പകർന്നൊരു കേരളം*

*ഇരയിമ്മൻതമ്പിയും സ്വാതിതിരുന്നാളും*

*ഈണം നൽകിയ കേരളം*

*വഞ്ചിപ്പാട്ടീണം നിറഞ്ഞൊരീ നാടിതു*

*മഞ്ജുള മരതക കേരളം*

*മാവേലിമന്നൻ വിരുന്നുവരുന്നൊരു*

*മാവേലിമന്നൻ വിരുന്നുവരുന്നൊരു*

*മാദകലാവണ്യ കേരളം.*

*സന്ധ്യാഗോപിനാഥ്*
*ടീച്ചർ*

# കളഞ്ഞ് കിട്ടിയ ബാഗ്



ഗോപൂ,അമ്മ ഉറക്കെ വിളിച്ചു.പത്തു ദിവസത്തെ അവധി കഴിഞ്ഞ ഗോപുവിന്റെ സ്കൂൾ നാളെ തുറക്കുകയാണ്.ഗോപു മനസ്സില്ലാമനസ്സോടെ തന്റെ കട്ടിലിൽ നിന്ന് എഴുന്നേറ്റു.അടുക്കളയിൽപോയി അമ്മയുടെ കൈയ്യിൽ നിന്ന് ഒരു ചായയും വാങ്ങികൊണ്ട് അവൻ മുറ്റത്തിറങ്ങി.

അപ്പോഴാണ് അവൻ അവന്റെ ചെരുപ്പ് ശ്രദ്ധിച്ചത്.തേഞ്ഞ് തീരാറായ ആ ചെരുപ്പിനെ നോക്കി അവൻ ഒരു നീണ്ട നെടുവീർപ്പിട്ടു.ആ ചെരുപ്പുമിട്ടുകൊണ്ട് സ്കൂളിലെ കുട്ടികളുടെമുന്നിലേക്ക് പോകുന്ന കാര്യം ഓർത്തപ്പോഴെ അവന് സങ്കടമായി.ഒരു ചെരുപ്പ് വാങ്ങാനുള്ള പണം പോലും തന്റെ കൈയിൽ ഇല്ല.

അവന്റെ അമ്മ മറ്റു വീട്ടുകളിൽ ജോലിചെയ്താണ് അവനെ നോക്കുന്നത്.ഗോപുവിന്റെ അച്ഛൻ മരിച്ച ശേഷം അമ്മയാണ് അവന് എല്ലാം.കഷ്ടപ്പെട്ട് പണിയെടുത്താണ് അമ്മ അവനെ സകൂളിൽ വിട്ടിരുന്നത്-അതുമനസ്സിലാക്കി

അവൻ തന്നാൽ കഴിയുന്നവിധംപഠിച്ചു.ദരിദ്രരായതിനാൽ മറ്റു കുട്ടികളൊന്നും അവനോട് കൂട്ടുകൂടിയിരുന്നില്ല.തന്റെ മകന് നല്ല വസ്ത്രങ്ങളും മറ്റും വാങ്ങികൊടുക്കാൻ കഴിയാത്തതിൽ അവർ വിഷമിച്ചു.എന്നാൽ അവൻ ഉള്ളതുകൊണ്ട് സംതൃപ്തനായതിനാൽ അമ്മ ആശ്വസിച്ചു.

ഗോപു സ്കൂളിൽ പോകുവാനുള്ളതയാറെടുപ്പിലാണ്.ആ ദിവസം മുഴുവൻ,കുട്ടികൾ കളിയാക്കുമോ എന്ന ചിന്തയായിരുന്നു അവന്.അന്ന് അവൻ ആലോചിച്ചു,താനൊരു പണക്കാരനായിരുന്നെങ്കിൽ തനിക്ക് നല്ല വസ്ത്രങ്ങളും ചെരുപ്പും ഒരുപാട് കൂട്ടുകാരെയും സന്തോഷവും തനിക്ക് കിട്ടിയനേ .ഈ ചിന്തകളോടുകൂടി അവൻ രാത്രി അറിയാതെ ഉറങ്ങിപ്പോയി.പിറ്റേ ദിവസം രാവിലെ നല്ല തണുപ്പായിരുന്നു.അതുകൊണ്ട് ഗോപു ഒരുപാട് സമയം ഉറങ്ങി.അവൻ ഉണർന്നപ്പോഴാതാ 7.30 ആയിരിക്കുന്നു.സ്കൂളിൽ പോവാൻ സമയമായിരിക്കുന്നു.അവൻ ചാടിയെഴുന്നേറ്റ് റെഡിയായി ആഹാരംപോലും കഴിക്കാൽ കൂട്ടാക്കാതെ അമ്മയോട് യാത്രയും പറഞ്ഞ് അവൻ സ്കൂളിലേക്ക് ഓടി.സ്കൂളിൽ എത്തിയപ്പോൾ ക്ലാസ് തുടങ്ങിയിരുന്നു.പിന്നെ പറയാനുണ്ടോ കാര്യം,അവനെ ടീച്ചർ ക്ലാസിന് പുറത്തു നിർത്തി.അവൻ കരഞ്ഞുകൊണ്ട് ക്ലാസിനുപുറത്തു നിർത്തി.കുട്ടികൾക്ക് അവനെ കളിയാക്കാനുള്ള ഒരു കാരാണം കിട്ടിയതല്ലാതെ വെറെയൊന്നും അവിടെ സംഭവിച്ചില്ല.കുറച്ചു സമയം അവിടെ നിന്നതിന് ശേഷം അവൻ തിരികെ ക്ലാസിൽ ചെന്നു.കുട്ടികളുടെ കളിയാക്കൽ കേട്ട് ഗോപു കൂടുതൽ

ദുഃഖിതനായി.അന്നത്തെ ദിവസം അവൻ ക്ലാസിൽ ശ്രദ്ധിച്ചതേ ഇല്ല.സ്കൂൾ വിട്ടതിന് ശേഷം അവൻ സങ്കടത്തോടെ വീട്ടിലേക്ക് നടന്നു.സങ്കടത്തോടെ നടക്കുമ്പോഴാണ് വഴിയരികിൽ ആരോ ഉപേക്ഷിച്ചതുപോലെ കിടക്കുന്ന ഒരു ബാഗ് അവന്റെ ശ്രദ്ധയിൽ പെട്ടത്.അവൻ അതിന്റെ അടുത്തേക്ക് പോയി.ആദ്യം ആ ബാഗ് എടുക്കാൻ അവൻ മടിച്ചെങ്കിലും കൈതുകം തോന്നി.അവൻ ആ ബാഗ് എടുത്തു.അവൻ അത് പതിയെ തുറന്നു നോക്കി.അവന്റെ കണ്ണുകലെ അവന് വിശ്വസിക്കാനായില്ല,അതിൽ കുറെയധികം നോട്ടുകൾ!ഒരു ഞെട്ടലോടെ അവൻ ആ ബാഗ് താഴെയിട്ടു.എന്നിട്ട് ചുറ്റും നോക്കി.അവൻ വീണ്ടും ആ ബാഗ് പേടിച്ച് പേടിച്ച് കൈയ്യിലെടുത്തു.അവനെന്തു ചെയ്യണമെന്ന് മനസ്സിലായില്ല.സംശയത്തോടെയാണെങ്കിലും അവൻ ആരും കാണാതെ വീട്ടിലേക്ക് ഓടി.അതാ അമ്മ വീട്ടുമുറ്റത്തു നിൽക്കുന്നു.അവൻ അമ്മ കാണാതെ ഒളിച്ച് തന്റെ മുറിയിലേക്ക് ഓടി.മുറിയിൽ കയറി വാതിലടച്ചു.അവൻ പേടിച്ച് അത് വീണ്ടും തുറന്നു.അടുക്കി വച്ചിരിക്കുന്ന നോട്ടുകൾ കണ്ട അവന്റെ നോട്ടുകൽ തള്ളിപ്പോയി.ഗോപു പേടിച്ച് കിതയ്ക്കുന്നുണ്ടായിരുന്നു.ഇക്കാര്യം അമ്മയോട് പറഞ്ഞാലോ എന്നവൻ ചിന്തിച്ചു.പക്ഷേ,അമ്മയിതറിഞ്ഞാൽ ഉറപ്പായും വഴക്ക്പറയും.ബാഗ് എടുത്തു എന്നറിഞ്ഞാൽതന്നെ അമ്മ ദേഷ്യപ്പെടും.പിന്നെ അതിൽ

പണമുണ്ടെന്നറിഞ്ഞാൽ പിന്നെ തീർന്ന കാര്യം.ഗോപു ആ ബാഗിൽ ഉറ്റു നോക്കി.താൻ ആദ്യമായാണ് ഇത്രയും പണം ഒന്നിച്ച് കാണുന്നത്.പെട്ടെന്ന് അവൻ ചിന്തിച്ചു,ഈ പണംകൊണ്ട് തനിക്ക് വസ്ത്രങ്ങളും,ചെരുപ്പുംവാങ്ങിച്ചുകൂടെ?ഇതുകൊണ്ടെങ്കിലും ഒരുപാട് സാധനങ്ങൾ വാങ്ങാം.

എന്നാൽ മറ്റൊരാളുടെ പണം താനെടുക്കുന്നതും ശരിയല്ല.ഗോപു ആകെ സങ്കടത്തിലായി.പെട്ടെന്ന് അവനെ അവന്റെ അമ്മ വിളിച്ചു.ഗോപു ഞെട്ടിപ്പോയി.അമ്മയിൽനിന്ന് എല്ലാം അറിഞ്ഞിട്ടാകുമോ വിളിക്കുന്നത്.ഗോപു ആ ബാഗ് തന്റെ കട്ടിലിന്റെ അടിയിലിട്ട് ഓടി.'നീയിതെപ്പോഴാ വന്നത്,ഞാനിവിടെയെല്ലാം നോക്കി.വാ വന്ന് ഭക്ഷണം കഴിക്ക്'അമ്മപറഞ്ഞു.ഗോപുവിന് സമാധാനമായി.അമ്മ ഒന്നും അറിഞ്ഞിട്ടില്ല. ആഹാരം കഴിക്കുമ്പോഴും അവന് ആ ബാഗിനെ കുറിച്ചായിരുന്നു ചിന്ത.അവനുള്ളിൽ ഭയമായിരുന്നു.അന്ന് രാത്രി അവന് ഉറങ്ങാൻ കഴിഞ്ഞില്ല.ബാഗിനെ കുറിച്ചുള്ള ചിന്ത അവനെ അലട്ടി.ആ രാത്രി തിരിഞ്ഞും മറിഞ്ഞും കിടന്ന് ഗോപു എങ്ങനെയോ തള്ളിനീക്കി.ഗോപു പിറ്റേ ദിവസം ഈ ബാഗും കൊണ്ട് സ്കൂളിൽപ്പോയി.അവസാനം അവൻ ബാഗ് ടീച്ചറിന്റെ കൈയ്യിൽ കൊടുക്കാൻ തീരുമാനിച്ചു.മറ്റുള്ളവരുടെപണമെടുക്കാൻ അവനെ അവന്റെ മനസ്സ് അനുവദിച്ചില്ല.അവനത് ഭദ്രമായി ടീച്ചറിന്റെ കൈയ്യിൽ ഏൽപ്പിച്ചു.അപ്പോഴാണ് അവന് സമാധാനമായത്.തിരികെ ഏൽപ്പിച്ചതിന് ടീച്ചർ അവനെ

***അഭിനന്ദിച്ചു.അന്ന് അവൻ വീട്ടിൽചെന്ന് അമ്മയോട് നടന്നകാര്യങ്ങൾ തുറന്നുപറഞ്ഞു.അമ്മയ്ക്ക് സന്തോഷമായി.കുറേ സമയത്തിന് ശേഷം അവന്റെ വീടിന് മുന്നിൽ ഒരു കാർ വന്ന് നിർത്തി.രണ്ടുപേർ ഗോപുവിന്റെ വീട്ടിലേക്ക് കയറി.അത് മറ്റാരുമായിരുന്നില്ല.ആ ബാഗിന്റെ ഉടമസ്ഥനായിരുന്നു.അവരുടെ മകളുടെ കല്ല്യാണത്തിനുള്ള പണമായിരുന്നു അത്.ഗോപു ഞോട്ടിപ്പോയി.ഗോപു തലക്കുനിച്ചുനിന്നു.പണം തിരികെ ഏൽപ്പിച്ചതിന് പ്രതിഭലമായി എന്തു വേമമെന്ന് അവർ ചോദിച്ചു.ഗോപുവിന്റെ മര്യാദയനുസരിച്ച് ഒന്നും പറഞ്ഞില്ല.എന്നാൽ ഗോപുവിന്റെ അവസ്ഥ മനസ്സിലാക്കി അവർ ഗോപുവിന് തന്റെ പഠനത്തിനുള്ള പണം ഒരുപാട് വസ്തുങ്ങളും കൊടുത്തു.ഗോപുവിന് ഇതിൽപരം സന്തോഷമിനിയില്ല.സന്തോഷംകൊണ്ട് അവന്റെ കണ്ണുകൾ നിറഞ്ഞു.***

***ആർഷ.എ.എൽ–7.B***

# മാതൃത്വം

ADITHYA.D



സ്നേഹത്തിന്റെയും സഹനത്തിന്റെയും പ്രതീകമാണ് അമ്മ. അമ്മ എന്ന രണ്ടക്ഷരമാണ് നാം ആദ്യമായി ഉരുവിടുന്നത്.ഇത് എഴുതുമ്പോൾ വള്ളത്തോളിന്റെ കവിതയാണ് ഓർമ്മവരുന്നത്ത്

മിണ്ടിതുടാങ്ങാൻശ്രമിക്കുന്നചിഞ്ചിളംചുണ്ടിന്മേൽ അമ്മിഞ്ഞപാലോടൊപ്പം അമ്മ എന്ന രണ്ടക്ഷരമല്ലയോ സമ്മേളിച്ചിടുന്നതാദ്യമായി"

നമ്മളെല്ലാവരും മാതൃത്യത്തിന്റെ അമൃതാകുന്ന അമ്മിഞ്ഞപാൽ നുകർന്ന് വളർന്നതാണ്.എന്നാൽ നമ്മളെല്ലാവരും വളർന്ന് ഓരോ നിലയിൽ എത്തികഴിയുമ്പോൾ നമ്മെ വളർത്തിയ മാതാപിതാക്കളെ ശ്രദ്ധിക്കാനോ പരിചരിക്കാനോ നമുക്ക് സമയമില്ല. എന്നാൽ മക്കൾ കാണിക്കുന്ന ക്രൂരതയ്യൊന്നും യാതൊരു പരാതിയുമില്ലാതെ മക്കളെയും പ്രതീക്ഷിച്ചിരിക്കുന്ന മാതാപിതാക്കളെ  എല്ലാവീടുകളിലും കാണാം.ആരോട്ടും ഒരു പരാതിയുമില്ലാതെ , മക്കളുടെ നന്മയും , ഐശ്വര്യവും പ്രതീക്ഷിച്ചകൊണ്ട്. അതാണ് അമ്മ, അതാണ് മാതൃത്വം

# വായനാശീലം കുട്ടികളിൽ





കൈയിൽ ഒരു വാളും പോക്കറ്റിൽ ഹോമറിന്റെ ഒരു പുസ്തകവുമുണ്ടെങ്കിൽ ഞാൻ എന്റെ വഴി വെട്ടിത്തെളിക്കും എന്ന നെപ്പോളിയന്റെ വാക്കുകൾ വായനയുടെ ശക്തി വിളിച്ചറിയിക്കുന്നു. വായന മനസ്സിന്റെ ഭക്ഷണമാണ്. മനസ്സിന്റെ ശരിയായ വളർച്ചയ്ക്കും നിലനില്പിനും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് വായന. ഒരാളിൽ സംസ്കാരത്തിന്റെ പ്രകാശം പരത്താൻ വായന പോലെ ഉതകുന്ന മറ്റൊന്നില്ല.ഗ്രന്ഥങ്ങളെ

**കെടാവിളക്കുകളോട് ഉപമിക്കാറുണ്ട്. കെടാവിളക്കുപോലെ സദാ വെളിച്ചം തൂവി അജ്ഞതാന്ധകാരത്തെ മാറ്റുന്നതുകൊണ്ടാകാം ഉത്തമ ഗ്രന്ധങ്ങളെ വിജ്ഞാനികൾ കെടാവിളക്കുകൾ എന്ന് വിശേഷിപ്പിക്കുന്നത്.**

**ഓരോ വ്യക്തിയുടെയും സ്വഭാവരൂപവത്ക്കരണത്തെ ഏറെ സ്വാധീനിക്കുന്നത് വായനയാണ്. ഉത്തമജീവിതം നയിക്കാൻ ഒരാളെ പ്രാപ്തനാക്കുന്നതും വായനയാണ്. പുസ്തകത്തിലൂടെ വളരാത്താവൻവെറും മൃഗമാണ് എന്നെഴുതികൊണ്ടാണ് ഷേക്സ്പിയർ വായനയുടെ മഹത്വത്തെ കുറിച്ച് പറഞ്ഞത്. കുഞ്ഞുണ്ണി മാഷ് വായനയെ കുറിച്ച്പറയുന്നതിങ്ങനെയാണ്,**

**വായിച്ചാൽ വളരും**
**വായിച്ചില്ലേലും വളരും**
**വായിച്ചാൽ വിളയും**
**വായിച്ചില്ലേൽ വളയും**

***സാസ്കാരിക ചരിത്രത്തിലെ പ്രധാന ഘട്ടമാണ് എഴുത്തും വായനയും.*സമ്പത്തുകൊണ്ടും, വികാരപൂർണ്ണതകൊണ്ടും ലഭിക്കുന്ന സന്തോഷംശാശ്വതം അല്ല. എന്നാൽ വായനയിലൂടെ ലഭിക്കുന്ന ആനന്ദംഊഷ്മളവും ഹൃദ്യവുമാണ്. ഓർക്കേണ്ട ഒരു കാര്യമിതാണ് എന്തുവായിച്ചുവെന്നതല്ല പ്രധാനം വായിച്ചപുസ്തകങ്ങളിൽ നിന്ന്എന്തുനേടി എന്നതിനാണ്**

**അഷ്ന.എൻ.**

**സാബിർ 9B**

# ENGLISH



# NATURE

*Oh, my dear nature*
*Oh, my dear nature*
*like you, I like you!*
*I like you, I like you!*

*My dear nature,my dear  nature*
*many trees are there*
*many flowers are there*
*we are living in nature!*

*Beautiful nature, Beautiful nature*
*You are very wonderful*
*I love your name*
*I love you,I love you!*



*BIJINA. P  8C*

# The Life of Sun





*A lantern arises in the east*
*enhancing the beauty of the vast*
*cotton field*
*where the stars fade and the next ray rise*
*the glorious white sickle fade*
*and the enormous lantern emerges*
*its first ray lit a smile of hope*
*to the small little buds clinging*
*to the branch of its mother*
*it gives a shine to the murmuring river*
*and makes the birds sing out*

*the beautiful song of love*
*it embrace the nature*
*and adorn mountains*
*with the light of hope,the light of dawn.*
*The midday gets steamed by its scorching heat*
*Farmer gets weary and*
*Laze for an hour*
*Florets wilts and takes a nap*
*Birds pause their singing*
*and rests their voice*
*Golden paddy's shines there bright*
*proudly raising their head so high.*
*The beautiful lanterns fills the nature*
*with all the beauty it can give*
*Dawn fades and dusk arrives*
*with a song composed by the young lovers*
*who flies up high  aiming their homes*
*to sing a lullaby to the fading lantern.*
*The white sickle arrives putting an end*
*to the golden lights lit by the lantern.*
*Spreading their wings come out the nightingale*
*to make the night bright and nice.*
*They sing out loud their song of sorrow*
*waiting to the next day to sprout.*

*Nandana .A.P     9.*

# *The Importance of MotherTongue*



*Mother Tongue is the first language we acquire naturally .The language of our mother is more important than anything else. Language is a natural phenomena. It is a certain of man's social needs. A child after its birth hears the language of his/her parents .Infants usually imitates whatever they see or hear. Thus his tongue slides early according to the slang he tries to make .Thus he will naturally speak mother tongue. But a second language is to be taught and it will be different for the child.*

*Language is a extremely complex and highly versatile code that is used to communicate our thoughts and desires and experiences to other person. Man expresses his own opinion and desires in mother tongue. If a man makes a speech or if communicate in other language,it deserves only the second place. It is just because we think only in our mother tongue.*

*We can say that English is an international language,used in many countries ,but it is used in different and style in different countries. It is because the slang of our mother tongue mixes with English. Thus the influence of mother tongue.*

*Language and human culture are intimately related and the one is indispensable to the other. When the man's attention is turning towards analysing his culture ,it is natural that he should attempt to examine in detail means of communication.This is essential to the society.*

*“Language is a purely human and non-instinctise method of communicating ideas,emotions and desires by means of a system of voluntarily produced symbols. These symbols are in the first instance auditory and they are produced by so called organs of speech.”*

*Whatever be our mother tongue we have to accept it .It is no doubt that man expresses his sudden excitements and feelings in his mother tongue. To satisfy the objectives of learning one has to use his mother tongue also .Because with out grasping the meaning of what*

*one is studying one cannot learn it. We understand and think in our mother tongue .Mother tongue influence will follow a man till his death.*

*Sruthy.L.B*

# A RACE.........

Cold breeze enters through the opened window slowly. In the yard,children were playing dominoes, some kind of indoor games . A tall girl with her spectacles approached us. In her red T-shirt and dark jeans she looked a kind of official. An official, practised smile lit on her face when she spot my staring . Three cups of coffee and cookies that what veronika has ordered. After serving it all , 'official smile lady ' left . A sip of coffee relieved /charged my mind. A sort of encouragement made me to have a look at Bianca . She was still sad before us staring at her fingers. Her uncombed curly hair looked like a honeycomb . Dark rounds circled around her eyes. Veronika eyed me to start a conversation 'Hmm...., ok, then, you are Bianca right,? She looked me with worry of being disturbed in the awkward silence of coffee shop. She stared at me without an answer. Her body resembles an elongated stick. Veronika tapped on my hand , I realized that

*tap, a tap to continue , I quite understand her from our 21 years of married life. I breaked the ice of silence once more*

*You are the class topper 2 Huh?''I was''What about the present, can you explain incomplete What about the present, can you explain incomplete  sentences' Veronica questioned her . I realized her rudeness. I eyed for an excuse. She remained silent.  If you don't mind, can you keep an eye contact' She looked up. She speaks a little. But her eyes ,a lot. Maybe, it was the reflective of her mind.'*

*'When was your grades go down? Is there any specific reason.'She didn't respond. An awkward silent sprout in between us. Can you please respond to my questions?' I said.*

*After a long breath , she started to talk, it was like this Mr Jonathan I am Bianca. Bianca Mathews. I was the top ranker in all classes till Nineth. My parents were proud of the grades that I attain. But...........In a rainy monday, father and mother beat me a lot........cursed me a lot....I lost three marks in Biology ,they  wished and decided to make me a Doctor. I also agreed that. But, that night of cruelness changed my mind. I decided to reduce my marks by my own to see their greif. It*

*worked.' Her word by words startled us . She spoke like a scholar who has a lot of experience. A old woman in her fifties.*

*Oh ,That's why teachers commented that she is a perfect girl in class indeed . But not*

*visible in her exam sheet.' Veronika whispered. She was trying to remind me the twenty mile walk to her school, 'Holy Angels School'. But Veronika's whisper was enough to hear Bianca. With a half disgust smile, she responded,*

*'You went to my school, right?Teachers there were angels. But the quiet wizards are mom an dad. They never beat me after created the mark schedule . Instead they brought me to you counsellors they are the well character in the word itself ,no doubt Veronika and , Jonathan sat startled before a 14 year old girl without any words .Her experience and decision was in different .But may be it is the same condition that every girl is facing to.*

*Bianca's words stopped me mom my thought .Mom and Dad always say that life is a race, You must run for it ones achieves high. They taught me so' But, I couldn't believe. 'You must believe. But not in the Race of Life . But in the race that you were*

***participated..' This thought may come out from my thought. Instead, I sip from my coffee. I was then thinking of the sacrifice of  Thailand young girls to handle their family as they are boys. Women are legends , aren't they?***

# LITTLE PUP ,LITTLE PUP



*Little pup,Little pup,*
*what do you say?*
*Woof,woof,woof!*
*Let's go and play.'*



*Kitty cat,kitty cat,*
*How about you?*
*Meow,meow,meow!*
*And I purr too.*



*Pretty bird pretty bird*
*Have you a song?*
*Tweet,tweet,tweet!*
*The whole day long.*

*Jersey cow,jersey cow*
*what doyou do?*



*"Moo,moo,moo!*
*And give milk too".*

*Little lamb,little lamb*
*what do you say*
*“Baa,baa,baa!*
*Let's all play*



# *STUDENTS AND SOCIAL MEDIA*




*Social media basically means any human communication or sharing information on internet that occurs through the medium of computer,tablet or mobile. These are numerous websites and applications that make it possible. Social media is now becoming one of the largest means of communication and is gaining popularity rapidly. Social media enables you to share ides,contents,information and news etc..at a much*

*faster speed. In last few years social media has grown tremendously at an unexpectedly fast rate and has captured millions of users around the world. Here are essays on social media of varying world lengths to help you with the same in your exam.*

*We live in a time and age where information is just a button press away. We are swayed by information all around us. We millennial want to know,read,understand and then speak our minds about it. That is where social media comes into play. Social media is one of the biggest elements that we live with and cannot ignore it. Social media is a collection of websites,applications,and other platforms that enable us to share or create content and also help us to participate in social networking. Social media is not limited to blogging and sharing pictures there are a lot of strong tools also that social media provides. That is because that the impact of social media is very high and far reaching. It can make or break images. But social media is topic of controversy today, many feel it's boon but there is a majority who feels that social media has destroyed human nteraction with a rapid rate and has modified*

*human relationships. But there are others who feel that it is a blessing that has connected us to every parts of the world.,we can meet our loved ones that are far we can spread awareness through it ,we can send security warnings etc.. There is a lot that social media can do. But it is an unarguable fact the presence of social media has made our lives convenient,faster,easier.*

*Social media plays a big role in our lives today. We have the access to any kind of information at just a button push away. Anything that is so vastly expanded has both negatives and positives related to it. The power of social media is very high and has its after effects on each individuals. It is difficult to imagine our lives with social media on the society as a co-hole. Some feel that's it's a boon whereas others feels that it is a cause.*

*RAJALEKSHMI 8B*



# THE ENGLISH RIVER

*The glowing English ploughed*
*the fertile land of my mind*
*and sowed the scintillating 26 diamond letters.*
*When it crashed into several pieces-*
*The river of knowledge generates*
*and divides into various paths*
*The River of Poems*
*The River of Stories*
*The River of Dreams*
*and the river of nectar*
*swim through it and then you*
*will be purified with 26 incense*
*letters of English river.*

*RAJEEV IAYYAR*
*STAFF*



# ALGEBRA

- Algebra can be described as the shorthand of mathematics or as generalised arithmetic where 'letters' are used to represent numbers.

- Letters such as x,y,a,b etc......can take an different values and are therefore called variables.
All numbers like 2-3 or 10 have fixed numerical value and hence are called constants.
A statement of equality between 2 algebraic expression is considered an equations

- With the help of various operations like addition,subtraction,multiplication or division we can obtain expressions like x-5,3p,21+3,etc.....which are called “algebraic

# FRACTION

*A fraction means part of a groupor of a region.*

*For example,7/10 means that 7 parts have been taken out of 10.*

*Fractions where numerator is less han the denominator are proper fractionsexample ;*

*2/3,4/5....*
*Their value is always less than 1.*
*Fractions where numerator is more than the denominator are improper fractions.*

*Example;8/5,11/3 etc......*
*they can be expressed as mixed fractions.*
*Example;8/5=1$\frac{3}{5}$& vice versa*

- *i.e.1 3/8 =1$\frac{3}{5}$*

# EQUATIONS

- $(a+b)^2=a^2+2ab+b^2$
- $(a-b)^2=a^2-2ab+b^2$
- $(a+b)-2ab=a^2+b^2$
- $(a+b)(a-b)=a^2-b^2$
- $(a+b+c)^2=a^2+b^2+c^2+2(ab+bc+ca)$

- $(a+b)^3=a^3+3ab+3ab^2+b^3$
- $(a^x)^y=a^{xy}$
- $a^x$ x $a^y=a^{x+y}$
- $(a-b)^3=a^3-3a^2b+3ab^2-b^3$
- $a^0=1$,a is any integer

ADITHYA P.A 9 A

# സ്കൂളിൽ ഈവർഷം നടന്ന ചില പ്രവർത്തനങ്ങളിലൂടെ

## കൃഷിയിടത്തിലേക്ക് ഒരു കാൽവയ്പ്

കൃഷിയോടുള്ള ആഭിമുഖ്യം കുട്ടികളിൽ വളർത്തുന്നതിനായി എസ് കെ വി എച്ച് എസ് എസിൽ കാർഷിക ക്ലബ്ബിന് തുടക്കം കുറിച്ചു.നന്ദിയോട് കൃഷി ഓഫീസറായ ശ്രീ ജയകുമാർ സെപ്തംബർ 28 തീയതി ഉദ്ഘാടനം ചെയ്തു.കാർഷികക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ വളപ്പിൽ വാഴത്തോപ്പ് നിർമാണത്തിന്റെയും പൂന്തോട്ടനിർമാണത്തിന്റെയും പ്രാരംഭഘട്ടം വിജയകരമായി പൂർത്തീകരിക്കപ്പെട്ടു.ധാന്യവിളകളുടെ പ്രാധാന്യതതെകുറിച്ച് കുട്ടികളെ ബോധവത്കരിക്കുവാൻ സ്കൂൾ അധികൃതരുടെ നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിക്കപ്പെട്ടു.കൂടാതെ ധാന്യവിളകളുടെ ഉത്പാദനപ്രക്രിയയ്ക്കും തുടക്കം കുറിച്ചു.



# ചിരകാലസ്വപ്നം സഫലമായി

എസ്.കെ.വിയുടെ ചിരകാലസ്വപ്നമായ റേഡിയോക്ലബ്ബ് ജൂലൈ 23 ന് HM- PTA അംഗങ്ങളുടെ സാന്നിധ്യത്തിൽ ഉദ്ഘാടനം ചെയ്തു.എസ്.കെ.വിയിലെ അധ്യാപകർ തയ്യാറാക്കിയ signature tune ഓടെ ആരംഭിച്ച ക്ലബ്ബ് ഏവരെയും ആകർഷിക്കുന്ന ഒന്നായി മാറി.ഓഡീഷനിലൂടെ തെരഞ്ഞെടുക്കപ്പെട്ട മിടുക്കന്മാരും മിടുക്കികളും അവതാരകരായികൊണ്ട് നടത്തുന്ന ഈ ക്ലബ്ബിൽ എല്ലാ ക്ലാസുകളുടെയും പ്രാതിനിധ്യം ഉറപ്പാക്കാൻ തീരുമാനിച്ചു.ഓരോ ദിവസവും ഓരോ ക്ലാസിനായി വിഭജിച്ച് നൽകിക്കൊണ്ട് നടത്തുന്ന ക്ലബ്ബ് ഒഴിവും വേളകളെ രസകരമാക്കാൻ സഹായിക്കുന്നു.



# വിവരവിനിമയ സാങ്കേതികവിദ്യയുടെ കുട്ടിക്കൂട്ടായ്മ

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ അംഗമാക്കിയിട്ടുള്ള 'കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ'നടപ്പിലാക്കുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്.എസ്.കെ.വിയിൽ പ്രവർത്തിക്കുന്ന ഈ ക്ലബ്ബിന്റെ നേതൃത്വത്തിൽ അനിമേഷൻ സോഫ്റ്റ് വെയർ,മലയാളം കമ്പ്യൂട്ടിങ്,മൊബൈൽ ആപ് നിർമാണം,ഹാർഡ് വെയർ,ഇലക്ട്രോണിക്സ് തുടങ്ങിയ പല മേഖലകളിലും വിപുലമായ പല പ്രവർത്തനങ്ങളും ഈ സ്കൂളിൽ നടന്നുവരുന്നു
















നല്ല പാഠം
പുഞ്ചിരി പൂക്കളം
എസ്.കെ.വി.എച്ച്.എസ്.എസ് നന്ദിയോട്



# *idea expo*


SKV HSS NANNIYODE PRESENTS
IDEA EXPO 2018
MEDICAL EXPO
PLANETARIUM
TBGRI PALODE UNIT
ART OF LIVING PRODUCTS
FREE AYURVEDIC MEDICAL CHECK UP
OIL PALM INDIA RESEARCH INSTITUTE
GANDHI DARSHAN
RADIO CLUB PROGRAMMES
FOOD FEST
ON 12TH OCTOBER 2018
VENUE: SKV HSS NANNIYODE











# IT മേള ജില്ല , സംസ്ഥാന വിജയികൾ

**പ്രോജക്റ്റ് : നന്ദന.എ.പി**

**ഡിജിറ്റൽ പെയിന്റിങ്ങ്: അജൽ.എസ്.ആർ**

***മലയാളം ടൈപ്പിങ്ങ്: ആനന്ദ്.ഇ***



**OUR SPECIAL THANKS: AJAL S.R:XE**

**(COVER PAGE DESIGNER)**

**NANDANA .A.P 9B**

**ADITHYA P.A 9A**

**ANUPAMA 9B**




നന്ദി